## 25 ഏപ്രിൽ 2010

# ഉയർപ്പിനുശേഷം മൂന്നാം ഞായർ

## ലൂക്കാ 24:13-35

**ഫാ. മാത്യു പി. ഫ്രാൻസിസ്**

ക്രൈസ്തവന്റെ പ്രത്യാശയാണ് ഉയിർപ്പ്. ഉയിർപ്പിന്റെ അനുഭവം എന്നത് ക്രിസ്തുവിനെ തിരിച്ചറിഞ്ഞ്, ആ സന്തോഷത്തിൽ ജീവിക്കുന്ന അവസ്ഥയാണ്. ക്രിസ്തുസാന്നിദ്ധ്യം ഒരുവന് നഷ്ടമാകുമ്പോൾ അവൻ പാപത്തിന്റെ ഇരുളിലേക്ക് പോവുകയും യൂദാസിനെപ്പോലെ ക്രിസ്തുവിനെ മറക്കുകയും ചെയ്യും. എന്നാൽ ക്രിസ്തുവിന്റെ ഉയർപ്പിന്റെ രാത്രി പ്രഖ്യാപിക്കുന്ന ഒരു കാര്യമിതാണ്. ഒരു കല്ലറയ്ക്കും ബന്ധനത്തിനും ഒരു ദൈവപൈതലിനെയും തറയ്ക്കുവാനോ ബന്ധിക്കുവാനോ സാദ്ധ്യമല്ല. കാരണം വചനം പറയുന്നു "അവനോടൊത്ത് സംസ്ക്കരിക്കപ്പെട്ടവരൊക്കെ അവനോടൊപ്പം ഉയിർക്കും." ദൈവസാന്നിദ്ധ്യ അവബോധം കൈവിട്ടുകളയാത്തവർക്കൊക്കെ അവന്റെ അരികിലേക്ക് തിരിച്ചുവരാം. ഉത്ഥാന മഹിമയിലേക്ക് പ്രവേശിക്കുകയും ചെയ്യാം. ശ്ലീഹന്മാരിൽ പത്രോസും തോമസും ചെയ്തത് ഇതാണ്. ഇന്നത്തെ സുവിശേഷം അപ്രകാരം ഈസ്റ്റർ അനുഭവത്തിലേക്കുള്ള ശിഷ്യന്മാരുടെ മടക്കയാത്രയാണ്. എമ്മാവൂസിന്റെ തകർച്ചയിലേക്ക് പോയവരൊക്കെ ക്രിസ്തുവിന്റെ പ്രകാശം കണ്ടുകൊണ്ട് അന്ധകാരത്തിൽനിന്ന് തിരികെ വെളിച്ചത്തിലേക്ക് നടക്കുന്നു. ജറുസലേം കേന്ദ്രമാക്കി വീണ്ടും ജീവിതം പുനരാരംഭിക്കുന്നു.

ക്രിസ്തുവിന്റെ ഉത്ഥാനസാന്നിദ്ധ്യം തിരിച്ചറിയാത്തവരൊക്കെ ക്രിസ്തുവിന് എതിർദിശയിലേക്ക് യാത്രചെയ്യുന്നവരാണ്. ക്രിസ്തുവിനെ തിരിച്ചറിഞ്ഞവർക്കുമാത്രമേ അവനോടൊപ്പം യാത്രചെയ്യാനാകൂ. ക്രിസ്തുവിനെ അനുഗമിച്ചവർ അവനെ തിരിച്ചറിയുവാൻ ശ്രമിച്ചവരാണ്. ക്രിസ്തുവിന്റെ രക്ഷണ്യവ്യാപാരം മൂലം അവൻ നേടിത്തന്ന രക്ഷ നാം തിരിച്ചറിഞ്ഞാലേ ഇന്ന് നമുക്ക് അവനോടൊപ്പം നിൽക്കാനാകൂ. ഉത്ഥിതനെ തിരിച്ചറിഞ്ഞ സ്ത്രീകൾ ആ അനുഭവം പിന്നീട് പ്രഘോഷിക്കാൻ തയ്യാറാകുന്നു. ഉത്ഥാന അനുഭവം സ്ത്രീകളിൽ നിന്നുകേട്ട പത്രോസും യോഹന്നാനും അതു കാണുവാൻ ഓടിപ്പോകുന്നു. അവർ അതുകണ്ട് വിശ്വസിക്കുന്നു. എന്നിട്ടും അവരാകട്ടെ പൂർണവിശ്വാസത്തിലേക്ക് കടന്നുവരുന്നില്ല. ശിഷ്യന്മാരുടെ ജീവിതത്തിലെ പരാജയം അതായിരുന്നു. ഈശോ കൂടെയുണ്ടായിരുന്നിട്ടും തിരിച്ചറിയുന്നില്ല. തോണിയിൽ ഉറങ്ങുന്നവന്റെ ശക്തി അവർ തിരിച്ചറിയുന്നില്ല. വിശപ്പുമാറ്റാൻ കഴിയുന്ന അപ്പമായവനെ അവർ കാണുന്നില്ല. എമ്മാവൂസിന്റെ പ്രതീകങ്ങൾ ശിഷ്യർക്കൊപ്പം എപ്പോഴും ഉണ്ട്. എമ്മാവൂസ് എന്നത് ക്രിസ്തുവിനെ തിരിച്ചറിയുവാൻ കഴിയാത്ത അവസ്ഥയാണ് അഥവാ ക്രിസ്തുവിനെ മറക്കുന്ന അവസ്ഥയാണ്.

ഉയിർപ്പ് കണ്ട ശിഷ്യന്മാർക്കാണ് പരാജയം ഉണ്ടായതെന്നോർക്കണം, പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല എന്നു വചനം പഠിപ്പിക്കുന്നു. ഉയിർത്ത ക്രിസ്തുവിനെ ഇനിയും ശിഷ്യർ ഹൃദയത്തിലേക്ക് ക്ഷണിക്കാത്തതിനാൽ അവൻ പുറത്തു നില്ക്കുകയാണ്. പ്രതീക്ഷ നശിച്ച ശിഷ്യന്മാർ ക്രിസ്തുവിനെ ഉപേക്ഷിക്കുവാൻ തയ്യാറാകുന്നു. ശിഷ്യത്വത്തിന്റെ പ്രതീകമായ രണ്ടുപേർ ജറുസലേമിൽനിന്നു യാത്രയാവുകയാണ്. കഠിന ഭാരത്തോടെ അവർ സംസാരിക്കുന്നത് ക്രിസ്തു സംഭവങ്ങളാണ്. ബോദ്ധ്യങ്ങളിൽ നിന്നല്ല, മറിച്ച്, വികാരങ്ങളിൽ നിന്ന് രൂപപ്പെടുത്തിയ വാക്കുകൾ മാത്രമാണവ. തന്മൂലം അനുഭവങ്ങൾക്ക് ആർജ്ജവത്വം പോരാ. ക്രിസ്തു ചെയ്തതാകട്ടെ അവർ പറയുന്ന കാര്യങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കുവാൻ ശിഷ്യരെ സഹായിക്കുകയാണ്. ക്രിസ്തു അവർക്കൊപ്പം യാത്രചെയ്യുകയാണ് ആദ്യം ചെയ്തത്. തകർച്ചയിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്ന നഷ്ടപ്പെട്ട കുഞ്ഞാടുകളെ അവൻ വീണ്ടെടുക്കു

വാൻ തയ്യാറാകുന്നു. ആ യാത്രയിലാണ് അവർ മിശിഹായെ തിരിച്ചറിയുന്നത്. യേശുവിന്റെ വചനം പല ആവർത്തി കേട്ടതാണ് എന്നാൽ യഥാർത്ഥത്തിൽ വചനം തിരിച്ചറിഞ്ഞപ്പോൾ മാത്രമാണ് അവരുടെ ഹൃദയം ജ്വലിക്കുന്നത്. ക്രിസ്തു എപ്പോഴും നമുക്കൊപ്പം ഉണ്ട്; യഥാർത്ഥ സാന്നിദ്ധ്യമായും, വചനമായും ഏറ്റവും പ്രധാനമായും കുർബാനയായും നമ്മുടെ കൂടെയുണ്ട്. എമ്മാവൂസിൽ ഇതു മൂന്നും നാം കാണുന്നു, ക്രിസ്തു കൂടെ നടന്ന് വചനം പറഞ്ഞിട്ട് കുർബാന നൽകുന്നു. ക്രിസ്തുവിനൊപ്പം നില്ക്കാൻ, അവനെ തിരിച്ചറിയാൻ, ഉത്ഥാന അനുഭവം ജീവിതത്തിൽ സൂക്ഷിക്കാൻ ഇതു മൂന്നും പ്രധാനമാണ്.

ഇന്നും ക്രിസ്തുവിനെ നാം പ്രാർത്ഥനാനുഭങ്ങളിലൂടെ വ്യക്തിപരമായി തിരിച്ചറിയണം. വചനം വായിച്ച് ഹൃദയത്തെ ജ്വലിപ്പിക്കണം. കൂദാശ ജീവിതം നയിക്കുകയും വേണം. ഇല്ലെങ്കിൽ പേരിന് മാത്രം ക്രൈസ്തവരായവരെ നോക്കി ക്രിസ്തു പറയും 'ഹൃദയം മന്ദീഭവിച്ചവരേ' നിങ്ങൾ എന്താ വചനം തിരിച്ചറിയാത്തതും ജീവിക്കുന്ന സാക്ഷ്യങ്ങളെ ശ്രദ്ധിക്കാത്തത് എന്നും. ഉയർപ്പിന്റെ വാർത്ത സ്ത്രീകൾ അറിയിച്ചപ്പോൾ തിരിച്ചറിയാത്തവർ എമ്മാവൂസിൽ ക്രിസ്തുവിനെ പൂർണമായും തിരിച്ചറിയുന്നു. ക്രിസ്തുവിനെ തിരിച്ചറിഞ്ഞവർ അവനെ വിട്ട് ഉപേക്ഷിച്ച് പോകുന്നില്ല. യാക്കോബിനെപ്പോലെ അനുഗ്രഹത്തിനായി അവനെ മുറുകെ പിടിക്കും. വചനം പറഞ്ഞ് അവരെ ബോധ്യപ്പെടുത്തിയ ക്രിസ്തു ഒരു സന്ധ്യയുടെ അനുഭവത്തിൽ പിൻവാങ്ങാൻ ശ്രമിച്ചു. തിരിച്ചറിഞ്ഞ ശിഷ്യർ നിലവിളിച്ചു 'കർത്താവേ രാത്രിയാകാൻ പോകുന്നു, നീ ഞങ്ങൾക്ക് ഒപ്പം കൂട്ടാകണമേ, ഞങ്ങൾക്കൊപ്പം താമസിക്കേണമേ' ഇപ്പോൾ ശിഷ്യർക്കറിയാം ക്രിസ്തു കൂടെയുണ്ടെങ്കിൽ എപ്പോഴും പ്രഭാതമാണ്. ഇസ്രായേൽ ജനം അനുഭവിച്ച വെളിച്ചംപോലെ; പകലും രാത്രിയും കെടാത്ത വെളിച്ചമായി ദൈവം തങ്ങൾക്കൊപ്പം കൂട്ടുണ്ടാകുമെന്ന്. ക്രിസ്തുവിനെ പൂർണമായി തിരിച്ചറിഞ്ഞവർ അവൻ നല്കിയ അപ്പം ഭക്ഷിക്കുകയും കണ്ണുതുറന്നു ക്രിസ്തുവിനെ കാണുകയും ചെയ്തു. ഉടൻ അവർക്ക് മുന്നിൽനിന്ന് ക്രിസ്തു മറഞ്ഞു. പക്ഷേ ഭൗതീക സാന്നിദ്ധ്യം അവർ അനുഭവിച്ചറിഞ്ഞെങ്കിലും മരണത്തോളം ജീവിക്കാനാകുംവിധം ആത്മീയ സാന്നിദ്ധ്യം അവരിന്ന് സ്വന്തമാക്കിയിരിക്കുന്നു. ആയതിനാലാണ് അവർ എഴുന്നേറ്റു ജറുസലേമിലേക്ക് തിരിച്ചു യാത്രയാകുന്നത്.

ക്രിസ്തു അനുഭവം കിട്ടിയ ശിഷ്യർ ഇനി മരണത്തിനുമുന്നിൽ ഭയക്കുകയില്ല. ആ അനുഭവം പകർന്നുകിട്ടിയ പൗലോസ് അപ്പസ്തോലൻ ചോദിക്കുകയാണ് "ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് എന്ത് എന്നെ വേർപെടുത്തും" ഗലാ 2:20-ൽ പൗലോസ് പറയുന്നു, "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിതനായിരിക്കുന്നു. ഇനിമേൽ ഞാനല്ല ജീവിക്കുന്നത് ക്രിസ്തു എന്നിൽ ജീവിക്കുന്നു."ക്രിസ്തുവിനെ വ്യക്തിപരമായി അനുഭവിച്ചറിയുവാനുള്ള വിളിയാണ് നമുക്ക് എമ്മാവൂസ് അനുഭവം നൽകുന്നത്. ഒന്നിനും നമ്മെ തകർക്കാനാകില്ല. നാം അവനെ മറന്നാലും അവൻ നമുക്കൊപ്പം യാത്രചെയ്യുകയും വചനവും അപ്പവും തരികയും ചെയ്യുന്നു. ദൈവാനുഭവമുള്ള മക്കളായി നമുക്ക് ജീവിക്കാം, കൂദാശകളിലൂടെ നമുക്ക് തിരിച്ചറിയാം. ജറുസലേം അനുഭവം ഒരിക്കലും നഷ്ടപ്പെടുത്താതെ വി. കുർബാനയുടെ കൂടാരങ്ങളിൽ നിത്യപ്രകാശത്തിൽ രാവും പകലും അവനൊപ്പം ജീവിക്കാൻ പ്രാർത്ഥിക്കാം.

{X{X-{X-{X-{X-{X-{X-{X-{X-{X-{X-{X-{X-{X-{X{X{X{X-{X-{X-{X-{X-{X-{X-{X-{X-{X-{X-{X-{X-{X{X{X{X